പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2066 — 07.03.2017 -ൽ മറുപടിക്ക്.

## ഹോട്ടലുകളിൽ ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഹോട്ടലുകളിൽ ഭക്ഷ്യവസ്തുക്കളുടെ വില ക്രമാതീതമായി ഉയരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഹോട്ടലുടമകൾ ഭക്ഷ്യസാധനങ്ങളുടെ വില അന്യായമായി വർദ്ധിപ്പിക്കുന്നത് തടയുന്നതിന് സർക്കാർ തലത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേ ശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) ഹോട്ടലുടമകൾ ഭക്ഷ്യസാധനങ്ങളുടെ വില അന്യായമായി വർദ്ധിപ്പിക്കുന്നത് തടയുന്നതിന് പരിശോധനാ ഉദ്യോഗസ്ഥർ പരിശോധന നടത്തി ഉപഭോക്താക്കൾ കാണത്തക്ക വിധത്തിൽ വിലവിവര പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ടോ, വിലവിവര പട്ടികയിൽ പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ Kerala Food Stuffs (Display of prices by catering establishment order), 1977 ലെയും 1980 ലെയും Kerala essential commodities (maintenance of account and display of price and stock) order എന്നിവ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു. |
| (സി) ഹോട്ടലുകളിലെ ഭക്ഷ്യസാധനങ്ങളുടെ വില നിയന്ത്രിക്കുവാൻ ഹോട്ടലുകളെ ഗ്രേഡ് ചെയ്യോ, ക്ലാസിഫൈ ചെയ്യോ ലൈസൻസ് നൽകുന്നതിന് ലക്ഷ്യമിട്ടു ന്നുണ്ടോ; വിശദമാക്കുമോ ? | (സി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി രൂപം നല്കിയ "2015 ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്" ബിൽ നമ്പർ 382 ആയി പ്രസിദ്ധീകരിച്ചു വെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ നിയമ നിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാത്തതിനാൽ ലാപ്സായിരുന്നു. ഈ വിഷയത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്ന തിനായി നയപരമായ തീരുമാനം കൈക്കൊള്ളേ ണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ